ഭാഗ്യക്കുറികളുടെ വില

165 (6616) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്പന നടത്തുന്ന ഭാഗ്യക്കുറികളുടെ വില അവസാനമായി വർദ്ധിപ്പിച്ചത് എന്നു മുതലാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിൽ എത്രയെണ്ണത്തിന്റെ കുറവുണ്ടായി എന്ന് വ്യക്തമാക്കുമോ ;

(സി) വില വർദ്ധിപ്പിച്ചതിനുശേഷം ഭാഗ്യക്കുറി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവുണ്ടായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 20 രൂപ ഭാഗ്യക്കുറികളുടെ വില 30 രൂപയായി 2014 മാർച്ചിൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികൾ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യാഴാഴ്ച കളിൽ നറുക്കെടുത്തിരുന്ന പ്രതീക്ഷ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്ന് മാറ്റി വില 40 രൂപയിൽനിന്നും 50 രൂപയായി 2014 ഏപ്രിൽ മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) വില വർദ്ധിപ്പിച്ചതുമൂലം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിൽ കുറവുണ്ടായിട്ടില്ല. കുറഞ്ഞ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ വില വർദ്ധിപ്പിച്ചതിനോടൊപ്പംതന്നെ ടിക്കറ്റ് അച്ചടി 45 ലക്ഷത്തിൽനിന്ന് 49 ലക്ഷമായി ഉയർത്തിയിരുന്നു. ഇവയുടെ ശരാശരി വിൽപ്പന 48 ലക്ഷം ടിക്കറ്റുകളാണ്.

(സി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വർദ്ധിച്ച വില നിലവിൽ വന്നത് 17-2-2014 മുതലാണ്. വർദ്ധനയ്ക്കുമുമ്പുള്ള 2014 ജനുവരിമാസത്തിലെ ടിക്കറ്റ് വിൽപനയിലെ വരുമാനം 331.81 കോടി രൂപയായിരുന്നു. ഇത് അടിസ്ഥാനമാക്കിയാൽ മാർച്ച് മാസത്തിൽ ഏകദേശം 17% വരുമാന വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ വർദ്ധനവ് ഏകദേശം 20%-ന് മുകളിലാണ്.

ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച്

166 (6617) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി സമ്മാനത്തുക നൽകാത്തത് സംബന്ധിച്ച് ഹൈക്കോടതിയിൽ സർക്കാരിനെതിരെ സമ്മാനാർഹർ കേസ് നൽകാനുണ്ടായ സാഹചര്യങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ലോട്ടറി സമ്മാനാർഹർക്ക് സമ്മാനത്തുക നൽകുന്നതിലുണ്ടായ കാലതാമസത്തിന്റെയും തടസ്സത്തിന്റെയും കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly